**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3928 24/06/2014-ൽ മറുപടിക്ക്

## ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) | പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചുവരുന്ന റ്റി.എസ്.പി. വിഹിതം ഈ വിഭാഗത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാനും പൂർത്തീകരിക്കുവാനും പുനരുദ്ധാരണത്തിനും ധനസഹായം നൽകി.<br>• ജനനി ജന്മ രക്ഷ - പട്ടികവർഗ്ഗ സ്ത്രീകൾ ഗർഭിണിയായി 3 മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സുവരെ ധനസഹായം നൽകുന്നു.<br>• ഗോത്ര സാരഥി - ഉൾവനങ്ങളിലും വനാന്തര പ്രദേശങ്ങളിലും താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനുള്ള വാഹന സൗകര്യം ഏർപ്പെടുത്തൽ<br>• സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി<br>• പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ<br>• പട്ടികവർഗ്ഗ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളായ റോഡ്, കുടിവെള്ളം, പാലം തുടങ്ങിയ പദ്ധതികൾ.<br>• ഫുഡ് സപ്പോർട്ട് പ്രോഗ്രാം<br>• അടിയ-പണിയ പക്കേജ്<br>• വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം.<br>• മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പും നിർമ്മാണ പ്രവൃത്തിയും<br>• പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം. ടി പദ്ധതികളുടെ വിശദവിവരം **അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.** |

(ബി) ആദിവാസി ക്ഷേമത്തിനായി 01.06.2006 മുതൽ 31.03.2011 വരെ എത്ര തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2006-07 മുതൽ 2010-11 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വാർഷിക അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | ശതമാനം |
|---|---|---|---|
| 2006-07 | 8306.25 | 7594.32 | 91.43 |
| 2007-08 | 8640.53 | 7899.59 | 91.42 |
| 2008-09 | 8533.41 | 7646.98 | 89.61 |
| 2009-10 | 13253.59 | 12455.37 | 93.98 |
| 2010-11 | 14909.24 | 12931.52 | 86.73 |

(സി) 01.06.2011 മുതൽ 31.03.2014 വരെ ആദിവാസികളുടെ ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചു ; വാർഷികാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ ;

(സി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2011-12 മുതൽ 2013-14 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വാർഷിക അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | ശതമാനം |
|---|---|---|---|
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |

(ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിലെ ക്ഷേമത്തിനായി 01.06.2011 മുതൽ 31.03.2014 വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി; വിശദാംശങ്ങൾ നൽകാമോ;

(ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 മുതൽ 2013-14 വരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു.

(ഇ) 01.06.2011 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര ആദിവാസി കുഞ്ഞുങ്ങൾ മരണപ്പെടുകയുണ്ടായി; കാരണം വിശദമാക്കാമോ?

(ഇ) 01.06.2011 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ 63 കുഞ്ഞുങ്ങൾ മരണപ്പെടുകയുണ്ടായി. പോഷണക്കുറവ്, ജനിതകവൈകല്യം, മാസം തികയാതെയുള്ള പ്രസവം, ന്യൂമോണിയ, ശ്വാസ തടസ്സം, ഹൃദയ സംബന്ധമായ വൈകല്യങ്ങളും അസുഖങ്ങളും തുടങ്ങിയവയാണ് മരണ കാരണങ്ങൾ

**സെക്ഷൻ ഓഫീസർ**

U1-3928
24/6/14

അനുബന്ധം (1)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

- വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാനും പൂർത്തീകരിക്കുവാനും പുനരുദ്ധാരണത്തിനും ധനസഹായം നൽകി വരുന്നു.
- പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 13 -ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 148 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. നാലു വർഷമായി നടപ്പാക്കേണ്ട സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ 2014-15 - ൽ പൂർത്തിയാക്കുന്നതാണ്. ഇതിലേയ്ക്കായി 31..03..14 വരെ 102.13 കോടി രൂപ ചെലവഴി
- എല്ലാവിധ ആവശ്യങ്ങൾക്കും ഉപയുക്തമാകുന്ന രീതിയിൽ ഒരു തിരിച്ചറിയൽ കാർഡ് പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ് നടപടി സ്വീകരിച്ചു.
- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും, പ്രസ്തുത മേഖലകളിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുവാനും, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹയം, ആർട്ടിക്കിൾ 275(1) അനുസരിച്ചിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ്, കോർപ്പസ് ഫണ്ട് , പൂൾഡ് ഫണ്ട് മുതലായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ അവയുടെ വിപണനത്തിനായി എറണാകുളത്ത് ഒരു ട്രൈബൽ കോംപ്ലക്സിന്റെ പണി പൂർത്തിയായി വരുന്നു.
- സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനും ടി വിഭാഗക്കാരെ സ്വയംപര്യാപ്തമാക്കി മുഖ്യ ജീവിതധാരയിൽ എത്തിക്കുക എന്ന ലക്ഷ്യംത്തോടുകൂടി 5 മാതൃകാകോളനികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവിടങ്ങളിലാണ് മാതൃകാകോളനികൾ സ്ഥാപിക്കുന്നത്.
- സംസ്ഥാനത്തെ 935 അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം ലക്ഷ്യമാക്കി 689.08 ലക്ഷംരൂപയുടെ പദ്ധതികൾ, ഭവനനിർമ്മാണം, തയ്യൽ മെഷീൻ, തയ്യൽ പരിശീലനം, ആടുവളർത്തൽ, പെട്ടിക്കട, പശുവളർത്തൽ, കോഴി വളർത്തൽ എന്നീ ജീവനോപാധി പ്രവർത്തനങ്ങൾ ഉൾപ്പെടെ ആവിഷ്കരിച്ച് നടപ്പിലാക്കി.
- സംസ്ഥാനത്തെ തൊഴിൽരഹിതരായ 500 പട്ടികവർഗ്ഗയുവതികൾക്ക് ആട്ടോറിക്ഷാ ഡ്രൈവിംഗിൽ പരിശീലനവും സൗജന്യമായി ആട്ടോറിക്ഷയും വാങ്ങി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- സംസ്ഥാനത്ത് സിക്കിൾസെൽ അനീമിയരോഗം ബാധിച്ചവരുടെചികിത്സയ്ക്കും അവർക്ക് പോഷകാംശംഅടങ്ങിയ ഭക്ഷണംകഴിക്കുന്നതിനുമായി പ്രതിമാസം 1000 രൂപ വീതംഐ.റ്റി.ഡി.പി. പ്രോജക്റ്റ് ആഫീസർ/ട്രൈബൽ ഡവലപ്മെന്റ്ഓഫീസർമാർമുഖേന നൽകിവരുന്നു.
- 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ (റ്റി.ആർ.ഡിഎം)- പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനത്തിന് 20 കോടിരൂപ വകയിരുത്തിയിതിൽ 5 കോടിരൂപ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസമേഖലയിൽ ഭവന നിർമ്മാണത്തിനും, ബാക്കി തുക ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷംരൂപയിൽ കവിയാതെ 25 സെന്റ് കുറയാതെ ഒരേക്കർ വരെ ഭൂമിവാങ്ങി നൽകുന്നതിന് വിനിയോഗിച്ചു. 72 പേർക്ക് 25.55 ഏക്കർ ഭൂമി വാങ്ങുകയും 700 അപേക്ഷകളിൽ ഭൂവില നിശ്ചയിക്കുന്ന നടപടി പുരോഗമിക്കുകയും ചെയ്യുന്നു.
- പട്ടികവർഗ്ഗവികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൽഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ലൈബ്രറി ശക്തി പ്പെടുത്തുന്നതിനായി 82.49 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി .
- 2012 -ലെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയിൽ എം.ബി.ബി എസ് / ബി.ഡി.എസ് കോഴ്സിന് തയ്യാറെടുക്കുന്ന 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പാലാ ബ്രില്ല്യന്റ് സ്റ്റഡി സെന്റർ മുഖേന പ്രത്യേക പരിശീലനം നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിലെ +2 സയൻസ്

ബാച്ചുള്ള കട്ടേല, ചാലക്കുടി, നല്ലൂർനാട്, കാസർഗോഡ് എന്നീ മോഡൽ റസിഡൽഷ്യൽ സ്കൂളുകളിലെ +1, +2 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് പരിശീലനം നൽകി.

- വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്ക് 2012-13 അദ്ധ്യയന വർഷം മുതൽ വർദ്ധിപ്പിച്ചു.

- പട്ടികവർഗ്ഗവികസന വകുപ്പിൻ കീഴിലുള്ള ഐ.റ്റി.ഡി.പി. പ്രോജക്ട് ആഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ആഫീസുകളിൽ പട്ടികവർഗ്ഗവിഭാഗകാർക്കായി തൊഴിലവസരങ്ങൾ, ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി **<u>സഹായി</u>** എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിച്ചു.

- ഇടുക്കി ജില്ലയിലെ തൊടുപുഴയിലും, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളിലായി 6 ആംബുലൻസുകൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് വാങ്ങി നൽകി. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വയനാട്, പാലക്കാട്, പത്തനംതിട്ട, ഇടുക്കി, കൊല്ലം ജില്ലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയുള്ള 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചു.

- തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ വംശീയ പഠന കേന്ദ്രം താത്ക്കാലികമായി സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തി തുടർ നടപടി സ്വീകരിച്ചു വരുന്നു.

- തിരുവനന്തപുരംജില്ലയിലെകുറ്റിച്ചലിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

- 2013-14 വർഷംമുതൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള ഹാംലെറ്റ്ഡവലപ്മെന്റ് പദ്ധതി നടപ്പാക്കി വരുന്നു. - 2013-14 വർഷം തെരഞ്ഞെടുത്ത 18 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

u3-3928

അനുബന്ധം (2)

പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ആഭിമുഖ്യത്തിൽ അട്ടപ്പാടിയിലെ 23597 പട്ടികവർഗ്ഗക്കാരെ പ്രാഥമിക മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി രണ്ടാം ഘട്ടമായി നടന്ന വിദഗ്ദ്ധ പരിശോധനക്ക് വിധേയമാക്കിയ 7767 പേരിൽ 140 പേർക്ക് ഗുരുതരമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രത്യേക ആരോഗ്യ പരിചരണം നൽകി. ഇതുവരെ 1233 മെഡിക്കൽ ക്യമ്പുകൾ അട്ടപ്പാടിയിലെ വിവിധ മേഖലകളിൽ നടത്തി. പ്രസ്തുത ക്യാമ്പുകളിൽ 16471 പേരെ പരിശോധിക്കുകയും ആവശ്യമായ ചികിൽസ നൽകുകയും ചെയ്തു. തൂക്കക്കുറവുള്ള കുട്ടികളെ കണ്ടെത്താൻ ഫീൽഡ് തലത്തിൽ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി. വിവിധ ഊരുകളിലായി തൂക്കക്കുറവുള്ള 299 കുട്ടികളെ കണ്ടെത്തിയിരുന്നു. അതിൽ ഗുരുതരമായ തൂക്കക്കുറവുള്ള 11 കുട്ടികളെ അടിയന്തിരമായി ചികിത്സയ്ക്ക് വിധേയമാക്കി. 202 പേരെ അഗളി, പുതൂർ, ഷോളൂർ എന്നിവിടങ്ങളിലെ ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെൻ്ററുകളിൽ ചികിത്സ നൽകി. ഈ കുട്ടികളേയും പോഷണക്കുറവുള്ള മറ്റ് കുട്ടികളേയും അംഗൻവാടി വഴി അധിക പോഷണം നൽകി പരിചരിച്ചു വരുന്നു.

അട്ടപ്പാടിയിലെ ശിശു മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനു ശേഷം അട്ടപ്പാടിയിൽ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള തുടർ നടപടികളാണ് സ്വീകരിച്ചു വരുന്നത്. നടപ്പിലാക്കിയതും നടപ്പാക്കുന്നതുമായ പ്രധാനപ്പെട്ട പദ്ധതികൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

അട്ടപ്പാടിയിലെ മുഴുവൻ പ്രവർത്തനങ്ങളെയും കോ-ഓർഡിനേറ്റ് ചെയ്യാനായി റിട്ട. ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ.ഡോ.സുബ്ബയ്യ (ഐ.എ.എസ്) സ്പെഷ്യൽ ഓഫീസറായി നിയമിച്ചു.

അരി, റാഗി, ചെറുപയർ, തുവരപ്പരിപ്പ്, കടല, തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ 6 മാസം അട്ടപ്പാടിയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വിതരണം ചെയ്തു.

**ജനനീ ജന്മരക്ഷ**

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകളുടേയും, ശിശുക്കളുടേയും മെച്ചപ്പെട്ട ആരോഗ്യത്തിനും പോഷകാഹാരം നിറഞ്ഞ ആരോഗ്യപരിരക്ഷയാണ് ജനനീ ജന്മരക്ഷ എന്ന പദ്ധതിയുടെ ലക്ഷ്യം. പോഷകാഹാരകുറവും ഒരു പട്ടികവർഗ്ഗ സ്ത്രീ ഗർഭിണിയായാൽ പോഷകാഹാരം വാങ്ങി കഴിക്കുന്നതിനായി ഗർഭാവസ്ഥയുടെ മൂന്നാംമാസം മുതൽ കുട്ടിയുടെ ഒരു വയസ്സുവരെ (18 മാസം) പ്രതിമാസം 1000/- രൂപ വീതം മണിയോർഡർ ആയി ലഭ്യമാക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ ചാമ, ചോളം, തുവര, കടല, വൻപയർ, പരുത്തി തുടങ്ങിയവ കൃഷി ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കൃഷി വകുപ്പ് മുഖേന നടപടി സ്വീകരിച്ചു. ഇതിനായി 3.08 കോടി രൂപ അനുവദിച്ചിരുന്നു.

പുറമേ, അട്ടപ്പാടിയിലെ 187 ഊരുകൾ കേന്ദ്രീകരിച്ച് കൃഷി വകുപ്പ് 7.84 കോടി രൂപയുടെ സമഗ്ര പദ്ധതി നാഷണൽ ഹോർട്ടി കൾച്ചർ മിഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

അംഗൻവാടി ജീവനക്കാരുടെ സഹായത്തോടെ പട്ടികവർഗ്ഗക്കാർക്ക് അയേൺ-ഫോളിക് ആസിഡ് ഗുളികകൾ നൽകി വരുന്നു.

സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന അംഗൻവാടികളുടെ സഹകരണത്തോടെ 186 കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചുവരുന്നു.

പോഷണക്കുറവുള്ള കുഞ്ഞുങ്ങളുടെ പ്രത്യേക പരിചരണത്തിനായി സി.എച്ച്.സി. അഗളി, ഷോളയൂർ, പുതൂർ, പി.എച്ച്.സി. കളിൽ ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെൻ്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഗർഭിണികൾക്കും കൗമാരപ്രായക്കാർക്കും വേണ്ടി പ്രത്യേക പോഷകാഹാര പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പിന്റെ ഐ.സി.ഡി. എസ്.

പ്രോഗ്രാം . കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടുകൂടി നടന്നു വരുന്നു. ഇതിന്റെ ഭാഗ
മായി അംഗൻവാടികളിൽ എത്തിച്ചേരാൻ കഴിയാത്തവർക്ക് ആഹാര സാധനങ്ങൾ വീട്ടിൽ എത്തി
ക്കുന്നുണ്ട്. കൗമാര പ്രായക്കാർക്ക് ഹോസ്റ്റൽ വഴിയും ഊരിൽ നേരിട്ടും ഭക്ഷണം എത്തിക്കുന്നു.
ഗർഭിണികളുടേയും കുട്ടികളുടേയും വിളർച്ച തടയുന്നതിനും ചികിത്സയ്ക്കും ആവശ്യ
മായ അയൺ ഫോളിക് ആസിഡ് ഗുളികകൾ ആരോഗ്യ പ്രവർത്തകർ വഴിയും ആശാ വർക്കേസ്
വഴിയും ആവശ്യത്തിന് ലഭ്യമാക്കി ഊരുകളിൽ വിതരണം ചെയ്തു വരുന്നു.

അഗളി സി.എച്ച്.സി, പി.എച്ച്.സി. പുതൂർ, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി
എന്നിവിടങ്ങളിൽ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും 75 അധിക തസ്തിക സൃഷ്ടിച്ചു.
ഇവിടങ്ങളിലും മറ്റ് പി.എച്ച്.സി. കളിലും അധിക ഡോക്ടർമാരും മറ്റ് ജീവനക്കാരേയും നിയമിച്ചും
അട്ടപ്പാടി ഐ.റ്റി.ഡി.പി. യിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുകയുണ്ടായി.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 24 മണിക്കൂറും ഗൈന
ക്കോളജിസ്റ്റ് അനസ്തേഷ്യാ, ശിശുരോഗ വിദഗ്ദർ എന്നിവരുടെ സേവനം ലഭ്യമാക്കി.
ഇവിടെ നവജാത ശിശുപരിചരണത്തിന് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും
ഡോക്ടർമാർക്കും സ്റ്റാഫിന് ആവശ്യമായ പരിശീലനവും നൽകി യിട്ടുണ്ട്. ഇവിടെ എസ്.
എൻ.എസ്.യു. (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്) അഗളി സി.എച്ച്.സി. യിൽ എൻ.ബി.എ
സ്.യു (ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്) എന്നിവ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.
കോട്ടത്തറ ആശുപത്രിയിൽ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ പുനഃരുദ്ധീകരിക്കുകയും,
ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലേക്കാവശ്യ
മായ അധിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിലെ രണ്ട് ലബോറട്ടറി
സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ആശുപത്രിയിലെ രണ്ട് ഡോക്ടർമാർക്കും 4 സ്റ്റാഫ് നേഴ്സു
മാർക്കും നവജാത ശിശുപരിചരണത്തിൽ ഐ.എം.സി.എച്ച്. ചെന്നൈയിൽ വെച്ച് പ്രത്യേക പരിശീ
ലനം നൽകുകയുണ്ടായി.

അട്ടപ്പാടിയിലെ മുഴുവൻ ആശാ അംഗൻവാടി പ്രവർത്തകർക്ക് നവജാത ശിശുപരിചരണം
മാതൃശിശു സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ പരിശീലന പരിപാടികളും സംഘ
ടിപ്പിച്ചിട്ടുണ്ട്.

നിലവിൽ പ്രവർത്തിച്ചു വന്നിരുന്ന രണ്ട് മൊബൈൽ യൂണിറ്റുകൾക്ക് പുറമേ എൻ.ആർ.
എച്ച്.എം. വഴി മൂന്ന് പുതിയ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടാ
യി. നിലവിൽ അട്ടപ്പാടിയിൽ അഞ്ച് മൊബൈൽ യൂണിറ്റുകൾ ഊരുകൾ സന്ദർശിച്ച് ഡോക്ടർമാ
രുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു.

അട്ടപ്പാടിയിലെ 28 ആരോഗ്യ ഉപകേന്ദ്രങ്ങളും പ്രവർത്തനക്ഷമമാക്കുകയും ഇവിടങ്ങളിൽ
അധികമായി ഓരോ ജെ.പി.എച്ച്.എൻ. മാരെയും എൻ.ആർ.എച്ച്.എം. വഴി നിയമിക്കു
കയും ചെയ്തിട്ടുണ്ട്. ഇതുവഴി ഫീൽഡ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും മാതൃ
ശിശു സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും കഴിയുന്നുണ്ട്. അട്ടപ്പാടിയിൽ നട
പ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി ശിശു മരണം ഗണ്യമായി കുറ
ഞ്ഞിട്ടുണ്ട്.

യൂണിസെഫിന്റെ സഹായത്തോടെ പോഷകാഹാരക്കുറവ് കണ്ടെത്തുന്നതിനുള്ള MUAC
Tapes ആശാ പ്രവർത്തകർക്ക് നൽകുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു.

വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം അട്ടപ്പാടിയിലെ എയ്ഡഡ്, അൺ എയ്ഡഡ്
സ്കൂളുകളിലെ 8000 ഓളം കുട്ടികളുടെ ബി.പി, ബി.എം.ഐ കാഴ്ച സംബന്ധമായ
പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതിനും, 3000 ഓളം കുട്ടികളുടെ ഹീമോഗ്ലോബിൻ പരിശോ
ധിക്കുന്നതിനും സമഗ്ര സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്.

ആനക്കട്ടിയിലെ ബദനി ആശുപത്രി മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ഉൾപ്പെടെ
യുള്ള കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അംഗീകൃത ആശുപത്രിയായി
ജില്ലാ ക്വാളിറ്റി അഷ്വറൻസ് കമ്മറ്റി അംഗീകരിച്ചു.

കൊൽക്കത്ത അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന റിദ്ദി ഫൗണ്ടേഷന്റെയും യൂസെഫി
ന്റെയും സാങ്കേതിക സഹായത്തോടെ, ജനനി സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഗർഭിണിക
ളുടെ എല്ലാ വിവരങ്ങളും മൊബൈൽ വഴി അപ്‌ലോഡ് ചെയ്യുന്നു. ജാതക് സോഫ്റ്റ്‌വെയർ വഴി 5
വയസ്സിൽ താഴെയുള്ള എല്ലാ കുഞ്ഞുങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് വെബ്സൈറ്റിൽ
അപ്‌ലോഡ് ചെയ്യുന്നു. ഇതിനായി അട്ടപ്പാടിയിലെ എല്ലാ ജെ.പി.എച്ച്.എൻ.-മാർക്കും പരിശീല
നവും മൊബൈൽ ഫോണും നൽകിയിട്ടുണ്ട്.

cls-3928

അംഗൻവാടികൾ കേന്ദ്രീകരിച്ച് ഗർഭിണികളുടേയും 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും വിവരങ്ങൾ ജെ.പി.എച്ച്.എൻ.-മാർ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അതാത് മെഡിക്കൽ ഓഫീസർമാർക്കും മറ്റ് ജില്ലാതല ഉദ്യോഗസ്ഥർക്കും എസ്.എം.എസ്. സന്ദേശം വഴി എത്തിച്ച് പ്രത്യേക ശ്രദ്ധ                ചെലുത്തേണ്ട കുട്ടികൾ, ഗർഭിണികൾ എന്നിവർക്ക് ആവശ്യമായ ഇടപെടലുകൾക്കായ വിവരങ്ങൾ ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാക്കുന്നു.

അഗളിയിൽ നിന്നുള്ള ഡോക്ടർമാർ. നഴ്സുമാർ തുടങ്ങി വിവിധ തസ്തികയിലുള്ള 16 പേർക്ക് എസ്.എ.റ്റി. ആശുപത്രിയിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഇത് കൂടാതെ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് ഇൻഫന്റോ മീറ്റർ. വെയിങ്ങ് മെഷീൻ തുടങ്ങിയ 1.38 ലക്ഷം രൂപയുടെ ഉപകരണങ്ങൾ എൻ.ആർ.എച്ച്.എം. മുഖാന്തിരം നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പു. പട്ടികവർഗ്ഗ വികസന വകുപ്പ്, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ദേശീയ ആരോഗ്യ ദൗത്യം, സാമൂഹ്യ നീതി വകുപ്പ് ഇവയുടെസഹകരണത്തോടെ പ്രത്യേകം തയ്യാറാക്കിയ **'JATAK'** എന്ന സോഫ്റ്റുവെയർ മുഖേന ആകെയുള്ള 0-5 പ്രായത്തിലെ കുട്ടികളുടെ ഫോട്ടോ, തൂക്കം, ഉയരം ഇവ രേഖപ്പെടുത്തി അവരുടെ ന്യൂട്രീഷണൽ സ്റ്റാറ്റസ് വിലയിരുത്തി. അതിൽ 82 പട്ടികവർഗ്ഗ കുട്ടികൾക്ക് കടുത്ത പോഷണക്കുറവ് (SAM) ഉണ്ടെന്നു കണ്ടെത്തി. അവർക്കു അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും, കോട്ടത്തറ                സെപഷ്യാലിറ്റി ആശുപത്രിയിലും ആരംഭിച്ച ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററിലൂടെയും. അംഗൻവാടി മുഖേനയും പ്രത്യേക പോഷണം നൽകുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

(signature)
സെക്ഷൻ ഓഫീസർ